# ജനുവരിയിലെ സിനിമ

കഴിഞ്ഞ ദിവസം റേഡിയോപ്രോഗ്രാമിനിടയിൽ കേട്ടത്: ജനുവരിയിൽ സിനിമകളുടെ കഷ്ടകാലമാണ്. വർഷത്തിൻെറ തുടക്കം എന്ന നിലക്ക് ആ മാസം സിനിമ കാണി ല്ലെന്ന് യുവാക്കൾ പ്രതിജ്ഞയെടുക്കുന്നതാണ് കഷ്ടം.

മലപ്പുറം ജില്ലയിലെ തിരൂരിൽ 25 കാരൻ കഴിഞ്ഞ ദിവസം കുഴഞ്ഞുവീണ് മരിച്ചു. പുതുവത്സരാഘോഷ പരിപാടിക്കിടയിലാണ് സംഭവം. അതിനടുത്ത സ്ഥല ത്താണ് സുഹൃത്തിൻെറ ആഘോഷപരിപാടിയുടെ ഭാഗമായി നടന്ന ടൂവീലർ കളിക്കി ടയിൽ കൂട്ടുകാരൻ ശ്രീകുമാർ മരിച്ചത്. ഇനിയും എത്ര സംഭവങ്ങൾ! ഫ്രാൻസിൽ 372 കാറുകളാണ് ആഘോഷക്കാർ കത്തിച്ചത്. പട്ടാളം രംഗത്തിറങ്ങുകയും ചെയ്തു.

ഏതായാലും ഈ വർഷവും തുടർന്നുള്ള കാലങ്ങളിലും എല്ലാവർക്കും നല്ല ത് വരട്ടെ എന്നാശംസിച്ചു കൊണ്ട് ചില കാര്യങ്ങൾ പറയട്ടെ.

പുതിയ കലണ്ടറുകൾ സ്ഥാനം പിടിക്കാത്ത ചുവരുകൾ അപൂർവമായി രിക്കും. ഏറെ സന്തോഷത്തോടു കൂടിയാണ് നാം അവ ചുമരിൽ തൂക്കുന്നത്. പുതി യ കലണ്ടറിനെ സ്ഥാപിച്ചാൽ പിന്നെ പണി പഴയതിനെ ദൂരെ കളയലാണ്. നമു ക്കവ മിക്കപ്പോഴും ഉപയോഗശൂന്യം.

പോയ്മറയുന്ന വർഷത്തിൻെറ അവസാനത്തെ സൂര്യാസ്തമയം കാണാനും പുതുവർഷപ്പിറവിയുടെ വരവിനെ എതിരേല്ക്കാനുമുള്ള ആഘോഷം വലുതാണ് നമുക്ക്. പരമാവധി സുഖം അനുഭവിച്ചുകൊണ്ടുള്ള ഈ ആഘോഷത്തിനിടയിൽ നാം കാണാതെ പോകുന്ന വലിയ രണ്ട് കാര്യങ്ങളുണ്ട്. ചുമരിൽനിന്ന് പഴയ കലണ്ടറിനെ എടുക്കുമ്പോൾ ഓർക്കേണ്ടതാണവ. ഒന്ന് നിരൂപണമാണ്. മറ്റൊന്ന് പ്രതിജ്ഞയും.

കുറച്ചു മുമ്പ് ഒരു കഥ വായിക്കാനിടയായി. പുതിയ കലണ്ടർ തൂക്കുന്നതിനു വേണ്ടി പഴയ കലണ്ടറിനെ എടുത്തുമാറ്റാൻ മുതിർന്ന ഗൃഹനാഥനോട് പഴയ കല ണ്ടർ ചോദിക്കുന്നു: "കഴിഞ്ഞ ഒരു വർഷത്തെ നീ എങ്ങനെയാണ് ചെലവഴിച്ചത്? എന്നെ നല്ല നിലയിൽ ഓർക്കാൻ ഒരു വർഷത്തിനുള്ളിൽ നീ എന്താണ് ചെയ്തത്?"

കഴിഞ്ഞ എൻെറ ഒരു വർഷത്തെ ആയുസ്സ് ഞാൻ എങ്ങനെ, ഏതുവിധത്തിൽ ചെലവഴിച്ചു, ഞാൻ എത്രമാത്രം എനിക്കുവേണ്ടി ജീവിച്ചു, എത്രമാത്രം പുണ്യം ചെ യ്തു എന്ന സ്വന്തം ജീവിതത്തെ സംബന്ധിച്ച വിലയിരുത്തലാണ് ആദ്യം ഉണ്ടാകേ ണ്ടത്. പഴയ കലണ്ടറിനെ ഇളക്കിയെടുക്കുമ്പോൾ ഈ വിചാരം അല്പം ഭയ ത്തോടെ നമ്മുടെ മനസ്സിൽ തോന്നേണ്ടതായിരുന്നു. കഴിഞ്ഞ ജീവിതം പരാജയമാ യിരുന്നോ, അതിന് കാരണമെന്തായിരുന്നു, ആരാണ് ഉത്തരവാദി, എവിടെയാണ് പിഴച്ചത് എന്നിവ നമ്മുടെ സജീവ ചിന്തയിൽ വരേണ്ടവയാണ്.

സംഭവിച്ചതെല്ലാം സംഭവിച്ചു. അടുത്ത വർഷമെങ്കിലും അബദ്ധങ്ങളും തെറ്റു കളുമില്ലാതെ ഞാൻ നന്നായി ജീവിക്കുകയും പുരോഗതിക്കായി പരിശ്രമിക്കുകയും ചെയ്യും എന്നായിരിക്കണം പ്രതിജ്ഞ. അതിന് പ്രതിബന്ധമാകുന്നതെല്ലാം നാം കണ്ടറിയുകയും ത്യജിക്കുകയും വേണം. മുകളിൽ സൂചിപ്പിച്ചതുപോലെ ജനുവരി മാസം ഞാൻ സിനിമ കാണില്ല എന്നാകരുത് യഥാർഥ പ്രതിജ്ഞ. ജീവിതകാലം മുഴുവൻ നല്ലവനായി ജീവിക്കും എന്നതാകണം നമ്മുടെ പ്രതിജ്ഞ.

നല്ല നാളെക്കുവേണ്ടിയുള്ള സ്വപ്നമുണ്ടെങ്കിൽ മാത്രമേ നല്ലതു ചെയ്യുവാനും ആസൂത്രണത്തോടെ കാര്യങ്ങൾ നീക്കുവാനും സാധിക്കുകയുള്ളൂ. അത്തരം പ്രതീക്ഷ യും ആസൂത്രണവുമില്ലാതാകുമ്പോഴാണ് എല്ലാം ഒന്നുമല്ലാത്ത ആഘോഷങ്ങളിൽ ആടിത്തിമർത്ത് തീർക്കുക. അത് ആത്മഹത്യാപരമാണ്. നല്ല നാളെയെന്ന മോഹം വ്യക്തികളെയും സമൂഹത്തെയും ഒരുമിച്ച് മുന്നോട്ട് നയിക്കേണ്ടതുണ്ട്. അതിനുള്ള ശ്രമം വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും ആദ്യം തുടങ്ങണം. നാം അധ്വാ നിക്കുന്നത് പരമാവധി അനുഭവിക്കാനും സുഖമായി ജീവിക്കാനും നമുക്ക് സാധി ക്കണം.

ഈ വർഷത്തിൻെറ തുടക്കത്തിൽ തന്നെ പ്രതിജ്ഞ ചെയ്യുകയും അതിനുള്ള ശ്രമത്തിൽ ഉറച്ചുനില്ക്കുകയും ചെയ്യുക. എങ്കിൽ ജീവിതം തന്നെ നമുക്ക് ആഘോ ഷമാക്കാം.